പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2778 27.01.2014 -ലെ മറുപടിക്ക്

## ക്ഷേമനിധി ആധാറുമായി ബന്ധിപ്പിക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധിയിലെ ഓരോ അംഗത്തിൽ നിന്നും ആധാർ ലിങ്കേജിനുവേണ്ടി നാല്പതു രൂപ വീതം പിരിക്കുന്നതിന് തൊഴിൽ വകുപ്പോ, ക്ഷേമനിധി ബോർഡോ തീരുമാനമെടുത്തിട്ടുണ്ടോ ; | (എ) 03/08/2013 ലെ ജി.ഒ (ആർ.റ്റി) 1411/2013/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിവിധ ക്ഷേമനിധികളിലെ തൊഴിലാളികളായ അംഗങ്ങളുടെ ഡാറ്റ ഡിജിറ്റൈസ് ചെയ്യുന്നതിനു വേണ്ടി ഒരംഗത്തിൽ നിന്നും 40/- രൂപ പിരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ പണപ്പിരിവ് നടക്കുന്നുണ്ടോ ; എങ്കിൽ എന്തിനു വേണ്ടിയാണ് ഇത് ചിലവഴിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) ക്ഷേമനിധി അംഗങ്ങളുടെ ഡാറ്റ ഡിജിറ്റൈസ് ചെയ്യുന്നതിനു വേണ്ടി ഓരോ അംഗത്തിൽ നിന്നും 40/- രൂപ ഈടാക്കുന്നുണ്ട്. അംഗങ്ങളുടെ വിവരങ്ങൾ കമ്പ്യൂട്ടറിൽ ഉൾപ്പെടുത്തുന്നതിനും ഫോട്ടോ അപ് ലോഡ് ചെയ്യുന്നതിനും അക്ഷയ കേന്ദ്രത്തിന് 15/- രൂപയും തിരിച്ചറിയൽ കാർഡിന് 20/- രൂപയും അഡ്മിനിസ്ട്രേഷൻ ചാർജ്ജായി 5/- രൂപയും ഉപയോഗിച്ചു വരുന്നു. യഥാർത്ഥ ചെലവ് മേല്പറഞ്ഞ തുകയേക്കാൾ കുറവാണെങ്കിൽ ബാക്കി തുക തിരകെ നല്കുന്നതാണ്. |
| (സി) ആധാർ ലിങ്കേജിനുവേണ്ടി ബാങ്കുകൾക്ക് പണം നല്കേണ്ടതുണ്ടോ ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ; | (സി) ഇല്ല. |
| (ഡി) തൊഴിൽ വകുപ്പിനു കീഴിൽ എത്ര തൊഴിലാളി ക്ഷേമനിധികളുണ്ട്; ഓരോന്നിലും എത്ര വീതം അംഗങ്ങളുണ്ടെന്ന് പ്രത്യേകം വിശദമാക്കുമോ? | (ഡി) തൊഴിൽ വകുപ്പിനു കീഴിൽ 16 തൊഴിലാളി ക്ഷേമ ബോർഡുകളുണ്ട്. അവ ഓരോന്നിലും രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | ബോർഡിന്റെ/പദ്ധതിയുടെ പേര് | രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 2283990 |
| 2 | കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 3141 |
| 3 | കേരള ഹെഡ്ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 79861 |
| 4 | കേരള ബീഡി & സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 42274 |
| 5 | കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് | 1550000 |
| 6 | കേരള കാഷ്യു വർക്കേഴ്സ് റിലീഫ് & വെൽഫെയർ ഫണ്ട് ബോർഡ് | 120613 |
| 7 | കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്<br>1) ബാർബർ-ബ്യൂട്ടീഷൻ തൊഴിലാളി ക്ഷേമപദ്ധതി<br>2) കേരള അലക്കുതൊഴിലാളി ക്ഷേമപദ്ധതി<br>3) ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി<br>4) കേരള ആർട്ടിസാൻസ് വെൽഫെയർ ഫണ്ട് സ്കീം | <br>25377<br>4476<br>7781<br>307152 |
| 8 | കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റസ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, | 651611 |
| 9 | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, | 575248 |
| 10 | കേരള ടെയിലറിംഗ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 704872 |
| 11 | കേരള ഈറ്റ കാട്ടുവള്ളി, പാൻഡനസ് വർക്കേഴ്സ് ഫണ്ട് ബോർഡ് | 42708 |
| 12 | കേരള സ്മാൾ പ്ലാന്റേഷൻസ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 13410 |
| 13 | കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 38647 |
| 14 | കേരള ജുവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 13954 |
| 15 | കേരള ഹാൻഡ്ലൂം വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 32297 |
| 16 | കേരള അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബോർഡ് | സ്കീം അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു |

Deepa

സെക്ഷൻ ഓഫീസർ